കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരുവാറ്റ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി3/615/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.08.06.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരുവാറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരുവാറ്റ ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി3/615/17 തീയതി. 08.06.2017.

## ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 07.12.2016 മുതൽ 18.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19.05.2017മുതൽ<br>30.05.2017 വരെ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജാക്വലിൻ. പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി.സി. സുജാത | 01.04.2016 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. പി. ലക്ഷ്മീദേവി | 01.04.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. സുരേഷ് കളരിക്കൽ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ചന്ദ്രവതി.ജെ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. മോഹനൻ പിള്ള | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.സുമ | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ആർ. ഗംഗാദേവി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. അഞ്ജു ശ്രീധർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. പ്രീത. എച്ച് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ഉഷ ഗോപാലകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വിജയശ്രീ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സി. രാജൻ | 01.04.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം. എൽ.പി.എസ് | ശ്രീമതി.ബീമ. ടി.എം | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശ്രീജ. എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. സെക്രട്ടറി | ശ്രീമതി. ബീന. എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| എൽ.വി.ഇ.ഒ, കരുവാറ്റ നോർത്ത് | ശ്രീമതി. ധന്യ. ജെ | 01.04.2016 മുതൽ 31.03.2017 വരെ |
| എൽ.വി.ഇ.ഒ, കരുവാറ്റ സൗത്ത് | ശ്രീമതി. കവിത. ആർ.പി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം. 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-8 |
| | ഭാഗം.2 | |
| 2 | ഡി ആന്റ് ഓ ലൈസൻസ് - അപാകതകൾ | 2-1 |
| 3 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. | 2-2 |
| 4 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-3 |
| 5 | മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല – വരുമാന നഷ്ടം | 2-4 |
| | ഭാഗം. 3 | |
| 6 | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി ) നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-1 |
| 7 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-2 |
| 8 | ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് ലേലം | 3-3 |
| 9 | മംഗല ഭാരതി കന്നതറ റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 14 – അളവ് കണക്കാക്കിയതിലെ അപാകത മൂലം അധിക തുക നൽകി | 3-4 |
| 10 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ - കൺവീനറിൽ നിന്നും നികുതികൾ ഈടാക്കാതെ അധികതുക അനുവദിച്ചു | 3-5 |
| 11 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ - തുക മുൻകൂറായി നൽകി- മരുന്നുകൾ ലഭിച്ചിട്ടില്ല | 3-6 |
| 12 | എസ്.എസ്.എ പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3-7 |
| 13 | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-8 |

| | | |
|---|---|---|
| 14 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-9 |
| 15 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-10 |
| 16 | തൊഴിലുറപ്പ്പദ്ധതി-മെറ്റീരിയൽ വർക്ക്-കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 3-11 |
| 17 | ഓഡിറ്റ് ഇംപാക്ട്. തെരുവ് വിളക്ക് മെയിന്റനൻസ് --- അധികം തുക അനുവദിച്ചതു കരാറുകാരനിൽ നിന്നും ഈടാക്കി. | 3-12 |
| | ഭാഗം. 4 | |
| 18 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| | അനുബന്ധം | |
| 19 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | 1 |
| 20 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | 2 |
| 21 | എം.ജി.എൻ.ആർ.ഇ.ജി.എസ്.ആദായനികുതി ഈടാക്കേണ്ട വിവരം കാണിക്കുന്ന പത്രിക | 3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 144797602 | 137378192 |

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 06.05.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 4-1 -ൽ പരാമർശിച്ചിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7617694 |
| വരവ് | 47931765 |
| ആകെ | 55549459 |
| ചെലവ് | 43356277 |

| | |
|---|---|
| നീക്കിയിരിപ്പ് | 12193182 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 11523238 | 10905816 | 94.64 |
| വികസനഫണ്ട് എസ്.സി.പി | 2998260 | 2711850 | 90.44 |
| വികസനഫണ്ട് റ്റി.എസ്.പി | 58269 | 58269 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2860884 | 1538174 | 53.76 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4265997 | 3840226 | 90.01 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6462196 | 5223955 | 80.83 |
| പെർഫോമൻസ് ഗ്രാന്റ് | 3456304 | 1057057 | 30.58 |
| ബിഫണ്ട് | 40148880 | 40148880 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 82168478 (മുന്നിരിപ്പ് 606/-രൂപ ഉൾപ്പെടെ) | 82046530 | 99.85(നീക്കിയിരിപ്പ് 121948/-രൂപ) |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 89 | 31625148 | 61 | 25335347 | 19 | 9 | 69% |

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതുവരുമാനത്തിൽ 73.39% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2435615 | 4471582 | (+)2035967 | (+)83.59% |
| നികുതിയേതര വരവുകൾ | 575633 | 731144 | (+)155511 | (+)27.23% |
| മറ്റ് വരവുകൾ | 0 | 0 | 0 | 0 |
| ആകെ | 3011248 | 5202726 | (+)2191478 | (+)72.78% |

1-8ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 547800 | 299 |
| കർഷകതൊഴിലാളി പെൻഷൻ | 11167350 | 994 |
| വിധവാ പെൻഷൻ | 8393190 | 839 |
| വാർദ്ധക്യകാല പെൻഷൻ | 16325185 | 1656 |
| വികലാംഗ പെൻഷൻ | 3054515 | 308 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. സ്ഥല പരിമിതി സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനത്തെയും സാരമായി ബാധിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനത്തിലെ മാലിന്യനിർമ്മാർജ്ജനത്തിനും സ്ഥലപരിമിതി വെല്ലുവിളി ആകുന്നു. പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.05.17-16.05.17 | 04/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.2012 – 18.08.2012 | 2007-08 മുതൽ 2011-12 വരെ | 27.09.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി ആന്റ് ഓ ലൈസൻസ് - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഡി ആന്റ് ഓ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ശ്രീദേവി പ്രസന്നൻ നായർ, ലിസാ മാത്യു എന്നിവരുടെ ഉടമസ്ഥതയിലുള്ളതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതുമായ പെട്രോൾ പമ്പുകളിൽ നിന്നും 1000 /- രൂപ മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്, ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്, കുറഞ്ഞ വിറ്റുവരവാണ് ടി സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. താരതമ്യേന ഉയർന്ന വിറ്റുവരവ് ഉള്ള സ്ഥാപനങ്ങളാണ് പെട്രോൾ പമ്പുകൾ എന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ഇത്തരം സ്ഥാപനങ്ങളിലെ യഥാർത്ഥ വിറ്റുവരവ് കണക്കാക്കി അവയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ജനറേറ്റർ റൂം ഉള്ള 2 ടവറുകൾ ഒഴികെ ബാക്കി ടവറുകളിൽ ഒരു ടവർ ബി.എസ്.എൻ.എൽ വകയാണ്. മറ്റ് ടവറുകൾ ഏത് വാർത്താവിനിമയ സ്ഥാപനത്തിന്റെ ആണെന്ന് ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശം ഉണ്ടെങ്കിലും, നാളിതുവരെ മൊബൈൽ ടവറുകളുടെ ഉടമസ്ഥത കണ്ടുപിടിക്കാനോ നികുതി ഈടാക്കുന്നതിനോ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. 14.1.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതും ചതുരശ്രമീറ്ററിന് 500 /- രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 14) ടവറുകളിൽ ഒരെണ്ണം ബി.എസ്.എൻ.എൽ വക ആയതിനാൽ നികുതി ഈടാക്കുന്നില്ല എന്നും മറ്റ് ടവറുകൾ ഏത് വാർത്താവിനിമയ സ്ഥാപനത്തിന്റ ആണെന്ന് ഫീൽഡ്തല അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടില്ല, എന്നും ഇതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. ജി.ഒ (ആർ.ടി) 2640/2012 തസ്വഭവ തീയതി 19.9.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ടവറുകളുടെയും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3 പരസ്യ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് ഡയറക്ടറുടെ 4.11.16 ലെ സി5- 43055/15 ഉത്തരവ് പ്രകാരം പരസ്യനികുതി ഈടാക്കുന്നതിന്റെ ബൈലോ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും പരസ്യനികുതി ഇനത്തിൽ തുക ഒന്നും ലഭിച്ചിട്ടില്ല. പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളതും ആയതിനാൽ ഈ ഇനത്തിൽ വരുമാനം ലഭിക്കാവുന്നതുമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 5) പരസ്യ നികുതി പിരിക്കുന്നതിനായി ലേലം നടപടികൾ സ്വീകരിച്ചെങ്കിലും ആരും പങ്കെടുത്തില്ല എന്നും ഇതിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. പരസ്യനികുതി പിരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-4 മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല – വരുമാന നഷ്ടം

നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡ് വിഹിതം 159.12 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 37.41 ലക്ഷം രൂപയും ചേർത്ത് 196.53 ലക്ഷം രൂപ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ച് 10.9.15 ൽ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. 7.11.16 ന് നടത്തിയ ക്വട്ടേഷനിൽ നിന്ന് ശ്രീ.എസ്. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, മാവേലി മറൈൻ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വ്യക്തിയുടെ ക്വട്ടേഷൻ സ്വീകരിച്ച് 1.2.16 ൽ ടിയാനുമായി കരാറിൽ ഏർപ്പെടുകയും ഒരുമാസത്തെ (12/16) വാടകയായ 30,000/- ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്, എന്നാൽ നാളിതുവരെയായിട്ടും മത്സ്യമാർക്കറ്റ് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 4), കെട്ടിടത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം, ഇ.റ്റി.പ്പി സംവിധാനം, ഐസ് ഫേക്ക്ല് യൂണിറ്റ്, കോൾഡ് സ്റ്റോറേജ് എന്നിവ കണക്ട് ചെയ്ത് കമ്മീഷൻ ചെയ്യാതിരുന്നത് മൂലം ഈ പ്രവൃത്തികൾ പൂർത്തിയാക്കി നൽകിയാൽ മാത്രമേ മാസവാടക ഒടുക്കുകയുള്ളൂ എന്ന നിബന്ധനയോടെയാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത് എന്നും, ഈ പ്രവർത്തികളിൽ കോൾഡ്

സ്റ്റോറേജ് മാത്രം പൂർത്തിയായിട്ടില്ല എന്നും കോൾഡ് സ്റ്റോറേജ് സംവിധാനം സജ്ജമാക്കുന്നതിനായി KSCADC യെ സമീപിച്ചിട്ടു ണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. ആവശ്യമായ ഭൗതികസാഹചര്യങ്ങൾ അടിയന്തിരമായി ഒരുക്കി മത്സ്യമാർക്കറ്റ് വരുമാനദായക മാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

പ്രോജക്ട് നം. S00 77 /16

അടങ്കൽ തുക- 121404 /- (വികസനഫണ്ട് )

ചെലവ് തുക- 60702 /- ( ബിൽ നം. 03 /16-17/ 18-2-17 )

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 60702/- രൂപ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് 27-2-17-ൽ ഇ- ട്രാൻസ്ഫർ മുഖേന (അക്കൗണ്ട് നം.35810483408) നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥിനികൾ ക്കായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ഫയൽ പരിശോധനയിൽ ഷീ പാഡ് വിതരണം ചെയ്തതിന്റെ രേഖകളോ കൈപ്പറ്റോ ലഭ്യമല്ല. വിതരണ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.9) വനിതാ വികസനകോർപ്പറേഷനും പർച്ചേസിംഗ് ഏജൻസിയുമായുള്ള കരാർ ലംഘനവും അത് സംബന്ധിച്ച കേസും മൂലം പ്രോജക്ട് പ്രകാരമുള്ള ഷീ പാഡ് വിതരണം ചെയ്യാൻ ഏജൻസിക്ക് കഴിഞ്ഞില്ല എന്ന മറുപടിയാണ് ലഭിച്ചത്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 60702/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക സ്ഥാപനത്തിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയാകുന്നതാണ്.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നം. S0089/17) എന്ന പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്കായി 279750 രൂപ ചെലവഴിച്ചെങ്കിലും പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|
| അമ്പിളി, സനികാഭവനം | 94023 | 22/31.03.2017 | ഒന്നാം പാർട്ട് ബിൽ |
| രമണൻ, പൂഞ്ഞാൻകാട്ടിൽ | 65727 | 6/31.03.2017 | ഒന്നാം പാർട്ട് ബിൽ |
| സുജാത കുട്ടപ്പൻ കുടത്ത് കരിയിൽ | 40000 | 8/31.03.2017 | മുൻകൂർ |
| സുനിൽ കുമാർ. കെ ആദിത്യഭവനം | 40000 | 9/31.03.2017 | മുൻകൂർ |
| സതീശൻ മൂലശ്ശേരിൽ | 40000 | 9/31.03.2017 | മുൻകൂർ |

പട്ടികജാതി വിഭാഗത്തിന്റെ സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന ഇത്തരം പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കാത്തത് ഖേദകരമാണ്. പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും ഇവർ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് 25.05.2017 – ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.11-ന് മാർച്ച് മാസത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും കെട്ടിടനിർമ്മാണത്തിന് കുറഞ്ഞത് 3 മാസത്തെ സമയം ആവശ്യ മാണെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. മുൻകൂർ കൈപ്പറ്റിയ 3 ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ മുൻകൂർ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. മറ്റ് 2 ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. 279750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് ലേലം

ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ ലക്ഷ്യമിട്ടാണ് പ്രിന്റിംഗ് മെഷീനും അനുബന്ധഉപകരണങ്ങളും വാങ്ങിയത്. എന്നാൽ പ്രസ്സ് നടത്താനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവത്തിൽ പദ്ധതി നടപ്പാകാതിരിക്കുകയും വർഷങ്ങളോളം പ്രിന്റിംഗ് മെഷീനും അനുബന്ധഉപകരണങ്ങളും ഉപയോഗശൂന്യമായി അവശേഷിക്കുക യുമുണ്ടായി. അതിനാൽ ഈ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനായി തീരുമാനിച്ചു.
22.9.14 ൽ 2,50,000 രൂപ ടി സാമഗ്രികൾക്ക് PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂല്യനിർണ്ണയിച്ച് നൽകുകയുണ്ടായി. എന്നാൽ 26.02.16 ന് നടത്തിയ ലേലത്തിൽ 1,30,000/- രൂപയ്ക്കാണ് ലേലം കൊണ്ടത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മൂല്യനിർണ്ണയ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ലേലം കൊണ്ടതിനാൽ പുനർ മൂല്യനിർണ്ണയം നടത്തുകയുണ്ടായി. 22.06.16 ൽ 1,70,000 രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭിച്ചെങ്കിലും 1,30,000 /-രൂപയ്ക്ക് തന്നെയാണ് ലേലം കൊണ്ടത്. മൂല്യനിർണ്ണയത്തേക്കാൾ കുറഞ്ഞനിരക്കിൽ ലേലം നടത്തിയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്, ടി ഉപകരണങ്ങൾ പത്ത് വർഷക്കാലം കാലപ്പഴക്കം ഉള്ളതിനാലും നാശോന്മുഖമായതിനാലും ലേലതുക ഉയർത്തിയാൽ വീണ്ടും ലേലം കൊള്ളില്ല എന്നതിനാലാണ് കുറഞ്ഞ തുകയ്ക്ക് നൽകിയത് എന്ന മറുപടിയാണ് ലഭിച്ചത്.
പദ്ധതിപ്പണം പാഴാക്കിയതിനാൽ പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനായി ചെലവഴിച്ച 3 ലക്ഷം രൂപയും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 2,65,433/- രൂപയും തുല്യമായി പ്രസിഡന്റ്, കമ്മറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കുന്നതിനായി 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം ആകെ അടയ്ക്കേണ്ട തുകയിൽ നിന്നും ലേലതുക 1,30,000 /- രൂപ കിഴിച്ച്, ഒരു അംഗം 39585 /- രൂപ പ്രകാരം ആകെ 4,35,433 /- രൂപ അടവാക്കേണ്ടതാണ്. ഇതിൽ 3 അംഗങ്ങൾ മാത്രമാണ് തുക അടച്ചിട്ടുള്ളത്, മറ്റ് അംഗങ്ങളിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മംഗല ഭാരതി കുന്നുതറ റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 14 - അളവ് കണക്കാക്കിയതിലെ അപാകത മൂലം അധിക തുക നൽകി

പ്രസ്തുത പ്രവൃത്തിയിൽ (പ്രോജക്റ്റ് നം. S0072/17) മംഗലഭാരതി മുതൽ ചെമ്പ്തോട് വരെയുള്ള 710 m റോഡിൽ, 2016-17 വർഷം 244 മീറ്റർ നീളത്തിൽ മെറ്റലിംഗ് ടാറിംഗ് നടത്തുന്നതിനായി 30.03.2017- ലെ ബിൽ നം. 4/16-17 പ്രകാരം 352416 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ 1-ാം ഇനമായ Wet Mix Mecadam – Providing, laying, spreading and compacting graded stone aggregate to wet mix mecadam specification including premixing the material with water at OMC in mechanical mixer, carriage of mixed material by tipper to site, laying in uniform layers in sub-base /base course on a well prepared sub base and compacting with smooth wheel roller of 80 to 100KN weight to achieve the desired density including lighting, barricading and maintenance of diversion etc as per tables 400.11 & 400.12 and Technical specification Clause 406 എന്നതിന് അളവുപുസ്തകം നം.7/16-17 പേജ് 1-5 പ്രകാരം 73.90 $m^3$ അളവ് കണക്കാക്കുകയും പേജ് 12 പ്രകാരം എസ്റ്റിമേറ്റ് അളവായ 54.90 $m^3$ ആയി ലിമിറ്റ് ചെയ്ത് 3348.07/$m^3$ നിരക്ക് പ്രകാരം 183809 രൂപ ശ്രീ. ഓമനക്കുട്ടൻ നായർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലെവൽ ഫീൽഡ് ബുക്ക്, കാൽക്കുലേഷൻ ഷീറ്റ് എന്നിവ പരിശോധിച്ചതിൽ, അളവ് കണക്കാക്കിയതിൽ തെറ്റുള്ളതായി കാണുന്നു. അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കുന്നു.

| ചെയിനേജ് | അളവ് |
|---|---|

| | |
|---|---|
| 10m | 10x3x0.523 = 15.70 |
| 20m | 10x3x0.161 = 4.825 |
| 30m | 10x3x0.063 = 1.900 |
| 40m | 10x3x0.049 = 1.475 |
| 50m | 10x3x0.066 = 1.975 |
| 60m | 10x3x0.067 = 2.025 |
| 70m | 10x3x0.058 = 1.750 |
| 80m | 10x3x0.042 = 1.275 |
| 90m | 10x3x0.052 = 1.575 |
| 100m | 10x3x0.077 = 2.325 |
| 110m | 10x3x0.105 = 3.150 |
| 120m | 10x3x0.095 = 2.900 |
| 130m | 10x3x0.067 = 2.000 |
| 140m | 10x3x0.082 = 2.450 |
| 150m | 10x3x0.092 = 2.750 |
| 160m | 10x3x0.102 = 3.05 |
| 170m | 10x3x0.695 = 2.850 |
| 180m | 10x3x0.072 = 2.175 |
| 190m | 10x3x0.068 = 2.050 |
| 200m | 10x3x0.082 = 2.450 |
| 210m | 10x3x0.078 = 2.325 |
| 220m | 10x3x0.066 = 1.975 |

| | |
|---|---|
| 230m | 10x3x0.111 = 3.325 |
| 240m | 10x3x 0.109 = 3.275 |
| 244m | 10x3x0.078 = 2.350 |
| Total | 73.90m$^3$ |

അനുവദിക്കാവുന്ന അളവ് ചുവടെ ചേർക്കുന്നു.

| ചെയിനേജ് | ഇനിഷ്യൽ ലെവൽ | ഫൈനൽ ലെവൽ | വ്യത്യാസം | ശരാശരി | വ്യാപ്തം |
|---|---|---|---|---|---|
| 0m | 8.955<br>8.965<br>8.925 | 8.985<br>8.980<br>8.975 | 0.030<br>0.015<br>0.050 | 0.032 | |
| 10m | 8.770<br>8.805<br>8.205 | 8.830<br>8.820<br>8.820 | 0.060<br>0.015<br>0.615 | 0.23+0.032 / 2 = 0.131 | 10X3X0.131 = 3.93 |
| 20m | 8.685<br>8.625<br>8.675 | 8.760<br>8.750<br>8.750 | 0.075<br>0.125<br>0.075 | 0.092+0.23 / 2 = 0.161 | 4.83 |
| 30m | 8.680<br>8.705<br>8.695 | 8.720<br>8.730<br>8.730 | 0.04<br>0.025<br>0.040 | 0.035+.092 / 2 =0.064 | 1.92 |
| 40m | 8.610<br>8.610<br>8.600 | 8.670<br>8.670<br>8.670 | 0.060<br>0.060<br>0.070 | 0.063+0.035 / 2 =0.049 | 1.47 |
| 50m | 8.675<br>8.660<br>8.680 | 8.720<br>8.750<br>8.750 | 0.045<br>0.090<br>0.070 | 0.068+.063 / 2 =0.066 | 1.98 |
| 60m | 8.730<br>8.710<br>8.685 | 8.785<br>8.770<br>8.770 | 0.055<br>0.0600.085 | 0.067+0.068 / 2 = 0.068 | 2.04 |

| | | | | | |
|---|---|---|---|---|---|
| 70m | 8.790<br>8.785<br>8.755 | 8.850<br>8.860<br>8.770 | 0.060<br>0.075<br>0.015 | $\frac{0.05+0.067}{2}$ = 0.059 | 1.77 |
| 80m | 8.625<br>8.575<br>8.605 | 8.670<br>8.620<br>8.620 | 0.045<br>0.045<br>0.015 | $\frac{0.035+0.05}{2}$ = 0.043 | 1.29 |
| 90m | 8.635<br>8.580<br>8.625 | 8.670<br>8.610<br>8.690 | 0.035<br>0.030<br>0.065 | $\frac{0.043+0.035}{2}$ =0.039 | 1.17 |
| 100m | 8.715<br>8.705<br>8.73 | 8.720<br>8.710<br>8.790 | 0.005<br>0.005<br>0.060 | $\frac{0.023+0.043}{2}$ = 0.033 | 0.99 |
| 110m | 8.73<br>8.71<br>8.725 | 8.795<br>8.770<br>8.790 | 0.065<br>0.0600.065 | $\frac{0.063+0.023}{2}$ =0.043 | 1.29 |
| 120m | 8.675<br>8.655<br>8.665 | 8.760<br>8.720<br>8.720 | 0.085<br>0.065<br>0.055 | $\frac{0.068+0.063}{2}$ =0.066 | 1.98 |
| 130m | 8.645<br>8.630<br>8.640 | 8.710<br>8.700<br>8.700 | 0.065<br>0.070<br>0.060 | $\frac{0.065+0.068}{2}$ = 0.067 | 2.01 |
| 140m | 8.590<br>8.555<br>8.590 | 8.660<br>8.610<br>8.640 | 0.070<br>0.055<br>0.05 | $\frac{0.058+0.065}{2}$ = 0.062 | 1.86 |
| 150m | 8.635<br>8.595<br>8.605 | 8.670<br>8.660<br>8.670 | 0.035<br>0.065<br>0.065 | $\frac{0.055+0.058}{2}$ = 0.057 | 1.71 |

| | | | | | |
|---|---|---|---|---|---|
| 160m | 8.600<br>8.605<br>8.600 | 8.650<br>8.670<br>8.670 | 0.05<br>0.065<br>0.07 | 0.062+0.055 = 0.059<br>2 | 1.77 |
| 170m | 8.605<br>8.545<br>8.565 | 8.670<br>8.620<br>8.620 | 0.065<br>0.075<br>0.055 | 0.065+0.062 = 0.064<br>2 | 1.92 |
| 180m | 8.600<br>8.580<br>8.585 | 8.675<br>8.635<br>8.655 | 0.075<br>0.055<br>0.070 | 0.067+0.065 = 0.066<br>2 | 1.98 |
| 190m | 8.600<br>8.565<br>8.585 | 8.655<br>8.640<br>8.645 | 0.055<br>0.075<br>0.060 | 0.063+0.067 = 0.065<br>2 | 1.95 |
| 200m | 8.65<br>8.625<br>8.635 | 8.685<br>8.695<br>8.695 | 0.035<br>0.070<br>0.06 | 0.055+0.063 = 0.059<br>2 | 1.77 |
| 210m | 8.675<br>8.655<br>8.660 | 8.725<br>8.715<br>8.715 | 0.050<br>0.0600.055 | 0.055+0.055 = 0.055<br>2 | 1.65 |
| 220m | 8.740<br>8.725<br>8.730 | 8.815<br>8.735<br>8.805 | 0.075<br>0.01<br>0.075 | 0.053+0.055 =0.054<br>2 | 1.62 |
| 230m | 8.755<br>8.750<br>8.735 | 8.805<br>8.765<br>8.765 | 0.05<br>0.015<br>0.03 | 0.032+0.053 =0.043<br>2 | 1.29 |
| 240m | 8.810<br>8.795<br>8.805 | 8.865<br>8.855<br>8.880 | 0.055<br>0.0600.075 | 0.063+0.032 = 0.048<br>2 | 1.44 |

| | | | | | |
|---|---|---|---|---|---|
| 244m | 8.900<br>8.89<br>8.895 | 8.965<br>8.965<br>8.965 | 0.065<br>0.075<br>0.070 | $\frac{0.07+0.063}{2} = 0.067$ | 0.804 |
| ആകെ | | | | | 46.434 $m^3$ |

എന്നാൽ 8.466 $m^3$ WMM അധികം നടത്തിയതായി കാണിച്ച് കരാറുകാരന് അധികതുക നൽകിയിട്ടുണ്ട്. മാത്രമല്ല, മേൽ പ്രവൃത്തിയിൽ പലയിടത്തും 7.5 cm കനത്തിൽ മെറ്റലിംഗ് നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 26.05.2017 – ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.15ന് കാൽക്കുലേഷൻ പരിശോധിച്ച് മറുപടി നൽകാമെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക 25009 രൂപ (11.77% ടെൻഡർ കുറവ് കിഴിച്ച്) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ - കൺവീനറിൽ നിന്നും നികുതികൾ ഈടാക്കാതെ അധികതുക അനുവദിച്ചു

പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 29.02.2016-ലെ ജി.ഒ(പി) നം.30/2016/Fin. നമ്പർ ഉത്തരവ് പ്രകാരം ഓവർഹെഡ് ചാർജ്ജ് അനുവദിക്കുമ്പോൾ നിയമാനുസൃത നികുതികൾ ഗുണഭോക്തൃ സമിതി വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളിൽ, ഗുണഭോക്തൃ സമിതിയിൽ നിന്നും നികുതികൾ ഈടാക്കാതെ പ്രവൃത്തിയുടെ ആകെ മൂല്യം അനുവദിക്കുകയും ഗ്രാമപഞ്ചായത്ത് നികുതികൾ അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇതുമൂലം അധികതുക ചെലവഴിക്കാനിടയായിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം/പേര്/ ഗുണഭോക്തൃ സമിതി കൺവീനർ/അളവുപുസ്തകം | പ്രവൃത്തിയുടെ ആകെ മൂല്യം/ നികുതികൾ | കൺവീനർക്ക് നൽകിയ തുക | കൺവീനർക്ക് നൽകാവുന്ന തുക | അധികം ചെലവഴിച്ച തുക | ചെലവ്/ബിൽ നം./ തീയതി. |
|---|---|---|---|---|---|---|
| 1 | S0081/17<br>ആശ്രമം സ്കൂൾ കെട്ടിടം മെയിന്റനൻസ്<br>പ്രസന്നകുമാരി (എച്ച്.എം.) പൂണിടത്ത്, കരുവാറ്റ<br>15/16-17 | 226804/-<br>IT 2% 4536<br>VAT 5% 11340/-<br>WF 1% 2268/- | 218856 | 208660 | 10196 | 237000/- (അടങ്കലിൽ ക്ലിപ്തപ്പെടുത്തി)<br>20/31.03.17 |
| 2 | S0100/17<br>ആയുർവേദ ആശുപത്രിക്ക് റാമ്പ്<br>പ്രീത.എച്ച്, മെഡിക്കൽ ഓഫീസർ<br>5/16-17 | 98034/-<br>IT 2% 1961<br>VAT 5% 4902<br>WF 1% 980 | 96073 | 90191 | 5882 | 103916/-<br>7/31.3.17 |
| 3 | S0099/17<br>ഗവ.എൽ.പി.സ്കൂളുകളുടെ കിണർ മെയിന്റനൻസും കുടിവെള്ളം ലഭ്യമാക്കലും<br>ബീമ.ടി.എം, എച്ച്.എം., ഗവ. നോർത്ത് എൽ.പി.എസ്, കരുവാറ്റ<br>18/16-17 | 179295<br>IT 2% 3586<br>VAT5% 8965<br>WF 1% 1793 | 175656 | 164951 | 10705 | 190000/-(അടങ്കലിൽ ക്ലിപ്തപ്പെടുത്തി)<br>23/31.03.17 |

| | | | | | | |
|---|---|---|---|---|---|---|
| 4 | S0102/17<br>ആശ്രമം സ്കൂൾ കെട്ടിടം ടൈൽ പാകൽ<br>പ്രസന്നകുമാരി (എച്ച്.എം.), പൂണിടത്ത്, കരുവാറ്റ<br>16/16-17 | 53742<br>VAT 5% 2687<br>WF 1% 537 | 53742 | 49444 | 4298<br>(IT 1074/- ഉൾപ്പെടെ) | 56966/-<br>18/31.03.17<br>(IT കുറവു ചെയ്തില്ല) |
| 5 | S0076/16<br>പടവല്യം സ്കൂൾ മെയിന്റനൻസ്<br>ബീമ.ടി.എം, എച്ച്.എം., ഗവ. നോർത്ത് എൽ.പി.എസ്, കരുവാറ്റ.<br>17/16-17 | 72253<br>VAT 5% 3613<br>WF 1% 723 | 72253 | 66471 | 5782<br>(IT 1426 ഉൾപ്പെടെ) | 76589/-<br>21/31.03.17<br>(IT കുറവു ചെയ്തില്ല) |
| | ആകെ | | | | 36863 | |

ആകെ മൂല്യത്തിനൊപ്പം VAT, WF എന്നിവ കൂട്ടി അതിൽ നിന്നും VAT, WF, IT എന്നിവ കുറവു ചെയ്താണ് കൺവീനർക്ക് തുക നൽകിയത്. ക്രമ നം.4, 5 എന്നിവയുടെ കാര്യത്തിൽ IT കുറവു ചെയ്തിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 29.05.2017-ൽ നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 36863/- രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി 34363 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 2500 രൂപ ആദായനികുതി ഇനത്തിലും അടവാക്കേണ്ടതാണ്.

## 3-6 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - തുക മുൻകൂറായി നൽകി- മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രസ്തുത പ്രോജക്ടിൽപ്പെടുത്തി (നം.S0008/17)മരുന്ന വാങ്ങുന്നതിനായി 31.12.2016-ലെ ബിൽ നം. 2/2016-17 പ്രകാരം 2,00,000 രൂപ HOMCO – യ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 25.05.2017 – ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 2,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-7 എസ്.എസ്.എ പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കിയില്ല

S0033/17 പദ്ധതിയിൽ ഉൾപ്പെടുത്തി 5,01,721/-രൂപ ബിൽനം.1/16-17 dt.18.11.16 പ്രകാരം എസ്.എസ്.എ ജില്ലാ കോ-ഓർഡിനേറ്റർക്ക് നല്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിൽ ഏതൊക്കെ പ്രവൃത്തികൾ നടപ്പാക്കി എന്നതിന്റെ വിശദമായ വിനിയോഗ വിവരം എസ്.എസ്.എ യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 5,01,721/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് നം./പേര് | കരാറുകാരൻ/കരാർ തീയതി | എസ്റ്റിമേറ്റ് | ചെലവ് /ബിൽനം. തീയതി |
|---|---|---|---|
| S0091/17<br>പകൽവീട് നിൽമ്മാണം | കെ.പ്രസന്നൻ<br>പുഷ്പഗിരി, കരുവാറ്റ<br>21.01.2017 | 741016 | 222748/- 24/31.03.2017 |

| | | | |
|---|---|---|---|
| S0087/17 ബഡ്സ് സ്കൂളിന് കെട്ടിട നിർമ്മാണം | വിനു. ആർ<br>മുണ്ടോലിൽ കാട്ടിൽ<br>എരിക്കാവ്<br>21.02.2017 | 1300000 | 576517/-<br>ചെക്ക്നം.0854851-54/ 31.03.2017 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാറിൽ ചേർത്തിട്ടില്ല. പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയും പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് 29.05.2017 – ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18-ന് പകൽ വീട് നിർമ്മാണം ജൂൺ മാസത്തിൽ പൂർത്തിയാക്കുമെന്നും ബഡ്സ് സ്കൂൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തി കരാറുകാരന് ബിൽതുക നൽകിയിട്ടില്ല. പകൽവീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം./പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്പോസിറ്റ് തുക | ബിൽ നം./തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| പ്രോജക്ട് നം. S0042/17<br>മൃഗാശുപത്രിക്ക് കുടിവെള്ളം സ്ഥാപിക്കൽ | വെറ്ററിനറി സർജൻ | 14091 | 1/16-17/ 26.09.2016 | കേരള വാട്ടർ അതോറിറ്റി |
| S0098/17<br>അംഗൻവാടി വയറിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 328533 | 190000<br>14/31.03.2017<br>138533<br>15/31.03.2017 | PWD ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ആലപ്പുഴ |
| ആകെ | | 342624 | | |

മേൽ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.17/29.05.17, 18/29.05.17) പ്രവൃത്തി നടത്തിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് സമാപനയോഗത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് ഭരണസമിതി അംഗങ്ങൾ അറിയിച്ചിട്ടുള്ളത്. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിനായി (പ്രോജക്ട് നം. S0027/17) ബിൽ നം.1/2016-17 തീയതി 29.11.2016 പ്രകാരം 3,00,000 രൂപ പിൻവലിച്ച് ഔഷധിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെ

295247/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4753/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ ഔഷധിയുമായി 21.12.2016-ൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം തുക ലഭിക്കുന്ന തീയതി മുതൽ 60 ദിവസത്തിനകം ഔഷധി മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | മരുന്നുകൾ സ്ഥാപനത്തിൽ ലഭിച്ച തീയതി | തുക |
|---|---|---|
| 23.12.2016 | 1237/19.12.2016 | 82869 |
| 25.02.2017 | 1773/31.01.2017 | 72494 |
| 07.03.2017 | 2227/27.02.2017 | 52086 |
| 26.03.2017 | 2381/16.03.2017 | 83881 |
| 12.04.2017 | 2620/31.03.2017 | 3917 |
| ആകെ | | 295247 |

ശേഷിക്കുന്ന മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 4753/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മരുന്നുകളുടെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ മുൻവർഷാവസാനം നീക്കിയിരിപ്പുണ്ടായിരുന്ന മരുന്നുകൾ തൻവർഷം വരവ് വച്ചിട്ടില്ല. 2016-17 വർഷത്തെ പ്രോജക്ടിനായി പുതിയ ബുക്കാണ് സ്റ്റോക്ക് രജിസ്റ്ററായി ഉപയോഗിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-11 തൊഴിലുറപ്പ്പദ്ധതി-മെറ്റീരിയൽ വർക്ക്-കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

2016-17 ൽ മെറ്റീരിയൽ സപ്ലൈ ആവശ്യമുള്ള 41 പ്രവൃത്തികളാണ് നടപ്പാക്കിയത്.അംഗീകൃത കരാറുകാരാണ് സാധനങ്ങൾ സപ്ലൈ ചെയ്തത്. എന്നാൽ കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായ നികുതി ഈടാക്കിയിട്ടില്ല.അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക് സോഫ്റ്റ് വെയറിൽ നികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല എന്നും തൊഴിലുറപ്പ് പദ്ധതിക്ക് നികുതി ഈടാക്കേണ്ടതില്ല എന്നും മറുപടി നല്കി. 30000/-രൂപക്കു മുകളിൽ വരുന്ന എല്ലാ വാങ്ങലുകളുടെയും കാര്യത്തിൽ 1% ആദായനികുതി ഈടാക്കേണ്ടതാണ്. നടപ്പാക്കിയ 41 പ്രവർത്തികളിൽ 40 എണ്ണത്തിന്റെ കാര്യത്തിലും 30000/-രൂപയിൽ അധികരിക്കുന്ന വാങ്ങലുകളാണ് നടത്തിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കേണ്ടതില്ല എന്ന സർക്കാർ ഉത്തരവുകൾ ഒന്നും ഇല്ല. ആയതിനാൽ ഈ 40 പ്രവൃത്തികൾക്കുള്ള സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടിയിരുന്നു. 40 വർക്കുകളിലായി ആകെ 19276132/- രൂപ മെറ്റീരിയൽ സപ്ലൈക്കായി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 1% 192761/-രൂപ ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടതാണ്. വിശദാംശം അനുബന്ധം.3 ആയി ചേർക്കുന്നു.

## 3-12 ഓഡിറ്റ് ഇംപാക്ട്. തെരുവ് വിളക്ക് മെയിന്റനൻസ് - അധികം തുക അനുവദിച്ചതു കരാറുകാരനിൽ നിന്നും ഈടാക്കി

16-17 ലെ പുതിയ പദ്ധതി പ്രകാരം (S0024/17)എസ്.ഡി.ഷിബുലാൽ എന്ന കരാറുകാരൻ മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. ടി പ്രവൃത്തിയിൽ രണ്ട് ടെണ്ടർ ലഭിച്ചതിൽ എസ്.ഡി.ഷിബുലാൽ എസ്റ്റിമേറ്റിന്റെ 1.5% കുറച്ച് ചെയ്യാമെന്ന് സമ്മതിച്ചതിനാലാണ് കരാർ ഉറപ്പിച്ച് നല്കിയത്. ആകെ ചെലവ് തുക 2,95,275/-രൂപയുടെ 1.5% കുറച്ച് 2,90,846/- രൂപയായിരുന്നു അനുവദിക്കേണ്ടത്. എന്നാൽ ടെണ്ടർ കുറവു വരുത്താതെ 2,95,275/-രൂപ അനുവദിച്ചു.

4429/- രൂപ കരാറുകാരന് അധികം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി (നം.6)യുടെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്നും 29.5.17 ന് രസീത് നം.117200100477 പ്രകാരം അധികം നൽകിയ തുക തിരികെ ഈടാക്കി.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്കുകളുടെ പരിശോധന

2016-17 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഏതാനും അപാകതകൾ കാണുന്നു.

1.വസ്തുനികുതി കണക്കുകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

2.മുൻവർഷ ബാലൻസ് ഷീറ്റിലെ വസ്തുനികുതി കുടിശ്ശികയേക്കാൾ അധികതുക തൻവർഷം കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടിയതായി RP.43-ൽ കാണിച്ചിരിക്കുന്നു. ഇത് യുക്തിസഹമല്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ ആർജ്ജിച്ച ആസ്തികളുടെ കൃത്യമായ വിവരം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സഹായം | - | 50000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 50000 | " | - | 50000 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മൃഗാശുപത്രിക്ക് കുടിവെള്ളം സ്ഥാപിക്കൽ | 460534/ 29.09.2016 | 14091 | - | 14091 |
| കേരള വാട്ടർ അതോറിറ്റി | ഹോമിയോ ഡിസ്പെൻസറിക്ക് ശുദ്ധജലം ലഭ്യമാക്കൽ | 452936/ 31.12.2016 | | 12230 | - |
| PWD ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ആലപ്പുഴ | അംഗൻവാടി വയറിംഗ് | | 328533 | - | 328533 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം.562/ 2010/ത.സ്വ.ഭ.വ തീയതി 22.2.2010 | 11787000 | 3267891 | 1178700 | - | 2089191 | - |

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം,ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 20 | 2003-04 | പബ്ലിക്ക് മാർക്കറ്റ് റോഡ് ഗ്രാവലിംഗ് | അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-2000 | 13 | 2003-04 | നികുതി പിരിവ്-പിഴ പലിശ ഈടാക്കിയിട്ടില്ല | |
| 1999-2000 | 27 | 2003-04 | താറാവ് വിതരണം | |
| 2000-2001 | 18 | 2003-04 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | |
| 2000-01 | 21 | 2003-04 | വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം | |
| 2000-01 | 28 | 2003-04 | മെതിയന്ത്രം-രസീതില്ല | |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47931765 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43356277 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 324827 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1124095 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 60702 | ഡോ.അഞ്ജു ശ്രീധർ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-4 | | 25009 | സി.രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 34363 | സി.രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 200000 | ഡോ.ഉഷ ഗോപാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |

| | | | |
|---|---|---|---|
| 3-10 | | 4753 | ഡോ.പ്രീത.എച്ച്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| ആകെ | | 324827 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 279750 | സി.രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 501721 | ബീമ.ടി.എം, എച്ച്.എം, ഗവ.എൽ.പി.എസ്, കരുവാറ്റ |
| 3-9 | 14091 | ഡോ.ഹേമ എസ്.നായർ, വെറ്ററിനറി സർജൻ, കരുവാറ്റ ഗ്രാമ പഞ്ചായത്ത് |
| | 328533 | സി.രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1124095 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദി |
|---|---|---|
| 3-5 | 2500 | സി.രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 192761 | പി.ലക്ഷ്മീദേവി, സെക്രട്ടറി<br>ബീന.എസ്, അസിസ്റ്റന്റ് സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല---

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ലക്ഷ്മീദേവി, സെക്രട്ടറി | സെക്രട്ടറി, കരുവാറ്റ ഗ്രാമപഞ്ചായത്ത് | ശ്രീലക്ഷ്മി, കാരിച്ചാൽ, പായിപ്പാട് പി.ഒ, ആലപ്പുഴ |
| സി. രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കരുവാറ്റ ഗ്രാമപഞ്ചായത്ത് | ഷൈലജ ഭവനം,<br>ചുനക്കര നോർത്ത്. |
| ഡോ.പ്രീത.എച്ച്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി,കരുവാറ്റ | നവനീതം, കണ്ണമംഗലം (S), ചെട്ടികുളങ്ങര പി.ഒ – 690106 |
| ബീന.എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കരുവാറ്റ ഗ്രാമപഞ്ചായത്ത് | ദയാനിലയം, കിഴക്കേക്കര (വടക്ക്),വലിയപറമ്പ് പി.ഒ, ആലപ്പുഴ |
| ഡോ.അഞ്ജു ശ്രീധർ, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ബംഗ്ലാവിൽ വീട്, കോമന, |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | കരുവാറ്റ ഗ്രാമപഞ്ചായത്ത് | അമ്പലപ്പുഴ |
| ഡോ.ഉഷ ഗോപാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, കരുവാറ്റ | ഓടശ്ശേരിൽ, പുതിയവിള.പി.ഒ, ആലപ്പുഴ – 690531 |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 1998-1999 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 03.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2000-2001 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2006-2007 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |

| | | |
|---|---|---|
| 2007-2008 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2008-2009 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2009-2010 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | |
| 2010-2011, 2011-2012 | എൽ.എഫ്.എപി3-1399/2012/ 13.12.12 | |
| 2012-2013 | എൽ.എഫ്.എപി3-09/2014/ 11.03.14 | |
| 2013-2014 | എൽ.എഫ്.എപി3-550/15/ 03.06.2015 | |
| 2014-2015 | കെ.എസ്.എ/എഎൽ.പി/പി3-629/16/ 10.06.16 | |
| 2015-16 | കെ.എസ്.എ/എഎൽ.പി/പി3-1514/16/29.12.16 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം.1

നം.കെ.എസ്.എ/എ.എൽ.പി/പി3/615/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി:08.06.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

അനുബന്ധം.2

No. KSA-ALP/P3/615/2017

Kerala State Audit Department,
District Audit Office, Alappuzha.

Date: 08.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Karuvatta Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Karuvatta Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha.

## അനുബന്ധം - 3

### എം.ജി.എൻ.ആർ.ഇ.ജി.എസ് - ആദായ നികുതി ഈടാക്കേണ്ട വിവരം കാണിക്കുന്ന പത്രിക

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ സപ്ലൈ - തുക | ഐ.റ്റി |
|---|---|---|---|---|
| 1 | എൻ.എസ്.എസ് കരയോഗം 58 നം.58 അങ്കണവാടി നടപ്പാത കോൺക്രീറ്റിംഗ് | സുകുമാരൻ | 587357 | 5874 |
| 2 | 58 നം.53 അങ്കണവാടി നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് നം.6 | വിഷ്ണു | 397072 | 3971 |
| 3 | ടവർ റോഡ് ഗ്രാവലിംഗ് - വാർഡ് നം.4 | സുകുമാരൻ | 229905 | 2299 |
| 4 | ആശ്രമം ആമ്പിലേറ്റ് നടപ്പാത ഗ്രാവലിംഗ് - വാർഡ് 5 | സുകുമാരൻ | 313381 | 3134 |
| 5 | കോക്കോത്ത് പണ്ടകശ്ശാല നടപ്പാത ഗ്രാവലിംഗ് - വാർഡ് 15 | മാത്യു വർഗ്ഗീസ് | 503098 | 5031 |
| 6 | കുഴിക്കാട് നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 11 | ജോസഫ് വർഗ്ഗീസ് | 227813 | 2278 |
| 7 | തുണ്ടിൽ സൺഡേ സ്കൂൾ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 9 | മാത്യു വർഗ്ഗീസ് | 1188990 | 11890 |
| 8 | കാരക്കാട് ചെമ്പുതോട് നടപ്പാത കോൺക്രീറ്റിംഗ് | സഹദേവൻ | 1083023 | 10830 |
| 9 | കണ്ണന്നൂർ കുളങ്ങര റോഡ് ഗ്രാവലിംഗ് - വാർഡ് 4 | മാത്യു വർഗ്ഗീസ് | 482241 | 4822 |
| 10 | അജിത ജംഗ്ഷൻ, വാഴത്തറ ഓട് കോൺക്രീറ്റിംഗ് - വാർഡ് 10 | ജോസഫ് വർഗ്ഗീസ് | 1112787 | 11128 |
| 11 | തയ്യിൽ പുത്തൻവീട് റോഡ് കോൺക്രീറ്റിംഗ് - വാർഡ് 2 | വിഷ്ണു | 358697 | 3587 |
| 12 | കരിയിൽപീടിക മേത്രനടപ്പാത - വാർഡ് 12 | പുരുഷോത്തമൻ | 693997 | 6940 |
| 13 | കാരക്കാട്ട് കൊച്ചുവീട്ടിൽ നടപ്പാത – വാർഡ് 10 | മാത്യു വർഗ്ഗീസ് | 745593 | 7456 |
| 14 | എസ്.കെ.വി.എൻ.എസ്.എസ് മണക്കാടൻപള്ളി നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 3 | വിഷ്ണു | 162955 | 1630 |
| 15 | അമ്പഴങ്ങയിൽ ഗുരുമന്ദിരം റോഡ് കോൺക്രീറ്റിംഗ് - വാർഡ് 11 | ജോസഫ് വർഗ്ഗീസ് | 1312888 | 13129 |
| 16 | പറങ്കമൂട് പീടികയിൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 11 | ജോസഫ് വർഗ്ഗീസ് | 912209 | 9122 |

| | | | | |
|---|---|---|---|---|
| 17 | തൈക്കാവ് പള്ളി കാരിയിൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 15 | വിഷ്ണു | 254302 | 2543 |
| 18 | പാലപ്പുറം വാഴക്കൂട്ടം നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 6 | സുകുമാരൻ | 360242 | 3602 |
| 19 | നാഗമഠം കുഴിക്കാട് റോഡ് ഗ്രാവലിംഗ് | സുകുമാരൻ | 362219 | 3622 |
| 20 | കന്നുകാലിപ്പാലം കൊച്ചുപോച്ച നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 13 | വിഷ്ണു | 228690 | 2287 |
| 21 | കൊച്ചുകാടത്തശ്ശേരിൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 4 | ഹരികുമാർ | 170933 | 1709 |
| 22 | ആലഗാട്ടുശ്ശേരി - ഇറവശ്ശേരി നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 4 | ഹരികുമാർ | 361664 | 3617 |
| 23 | മേത്ര -തേഗാക്കുറ്റിൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 13 | മാത്യു വർഗ്ഗീസ് | 612029 | 6120 |
| 24 | നല്ലവീട്ടിൽ പടിഞ്ഞാറുവശം നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 9 | വിഷ്ണു | 189686 | 1897 |
| 25 | ആലത്രു – പുളിമൂട് നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 14 | ഹരികുമാർ | 540998 | 5410 |
| 26 | പുത്തൻകണ്ടത്തിൽ ചെറുകാട് നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 11 | ഷൈൻ.പി | 666281 | 6663 |
| 27 | അജിത ജംഗ്ഷൻ, വാഴത്തറ റോഡ് മെറ്റലിംഗ് റീച്ച് 02 വാർഡ് 9 | രാജൻ.ജി | 363912 | 3639 |
| 28 | അജിത ജംഗ്ഷൻ, വാഴത്തറ റോഡ് മെറ്റലിംഗ് റീച്ച് 01 വാർഡ് 9 | രാജൻ.ജി | 357626 | 3576 |
| 29 | കാർമെൽഡ് പുത്തൻപുര നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 10 | പ്രസന്നൻ | 118751 | 1188 |
| 30 | കാർത്തേരിൽ പെരുംപള്ളിൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 07 | വിഷ്ണു | 618272 | 6183 |
| 31 | എൻ.എച്ച്.വേട്ടത്തേരിൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 14 | വിഷ്ണു | 274728 | 2747 |

| | | | | |
|---|---|---|---|---|
| 32 | ചെങ്ങാറപ്പള്ളിൽ-തിരുമംഗലം നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 03 | വിഷ്ണു | 307813 | 3078 |
| 33 | ഷൈനു ഭവനം, പട്ടാണിച്ചിറ ചാലിൽപുരയിടം നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 13 | ഷൈൻ.പി | 1442252 | 14422 |
| 34 | കളപ്പുരയ്ക്കൽ നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 6 | പ്രസന്നൻ | 222665 | 2227 |
| 35 | വള്ളപ്പുര തേവരത്ത് നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 5 | രാജൻ.ജി | 567717 | 5677 |
| 36 | മത്തങ്ങാപ്പറമ്പ് നടപ്പാത കോൺക്രീറ്റിംഗ് - വാർഡ് 11 | വിഷ്ണു | 285376 | 2854 |
| 37 | ബ്രിക്സ് യൂണിറ്റ് 1 – വാർഡ് 8 | വിഷ്ണു | 131784 | 1318 |
| 38 | ബ്രിക്സ് യൂണിറ്റ് 2 – വാർഡ് 12 | വിഷ്ണു | 296568 | 2966 |
| 39 | കാറ്റിൽ ഷെഡ് - വാർഡ് 8 | പ്രസന്നൻ | 114534 | 1145 |
| 40 | കാറ്റിൽ ഷെഡ് - വാർഡ് 12 | വിഷ്ണു | 115084 | 1151 |
| | ആകെ | | 19276132 | 192761 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.